പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 4792 21.10.2011 - ലെ മറുപടി

ആലപ്പുഴ തീരദേശ റെയിൽപ്പാത നിർമ്മാണം

ചോദ്യം ഉത്തരം

ശ്രീ. ജി. സുധാകരൻ

ശ്രീ. ആര്യാടൻ മുഹമ്മദ്
ഊർജ്ജ വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| (എ) | ആലപ്പുഴ വഴി എറണാകുളം - കായംകുളം റെയിൽവേ പാത ഇരട്ടിപ്പിക്കലിന്റെ പുരോഗതി വ്യക്തമാക്കാമോ ; | (എ) | കായംകുളത്തിനും ഹരിപ്പാടിനുമിടയിൽ 12.8 കിലോമീറ്റർ പാത ഇരട്ടിപ്പിക്കൽ പൂർത്തിയായിട്ടുണ്ട്. ഈ വർഷം കമ്മീഷൻ ചെയ്യും. ഹരിപ്പാട് - അമ്പലപ്പുഴ സെക്ഷനിൽ പാത ഇരട്ടിപ്പിക്കൽ ജോലികൾ ഈ വർഷം ആരംഭിക്കും. എറണാകുളം - ആലപ്പുഴ - കായംകുളം സെക്ടറിൽ കായംകുളം മുതൽ ഹരിപ്പാട് വരെ 12.8 കിലോമീറ്ററും, ഹരിപ്പാട് മുതൽ അമ്പലപ്പുഴ വരെയുള്ള സെക്ടറിൽ ചമയങ്ങളൊഴികെ 14 കിലോ മീറ്റർ ഭൂമിയും ഉൾപ്പെടെ ആകെ 26.8 കിലോമീറ്റർ സ്ഥലം സംസ്ഥാന സർക്കാർ റെയിൽവേയ്ക്ക് ഏറ്റെടുത്ത് കൈമാറിയിട്ടുണ്ട്. അമ്പലപ്പുഴ മുതൽ തുറവൂർ വരെയുള്ള പാത ഇരട്ടിപ്പിക്കലിന് റെയിൽവേയുടെ അംഗീകാരം ലഭിക്കാനുണ്ട്. എസ്റ്റിമേറ്റിന് അംഗീകാരം ലഭിച്ചതിന് ശേഷം തുറവൂർ - എറണാകുളം സെക്ടറിൽ പാത ഇരട്ടിപ്പിക്കൽ ജോലികൾ ആരംഭിക്കാൻ കഴിയും എന്ന് റെയിൽവേ അറിയിച്ചിട്ടുണ്ട്. |
| (ബി) | ആലപ്പുഴ തീരദേശ റെയിൽപ്പാതയുടെ വികസനത്തിനായി ഏതെല്ലാം പദ്ധതികൾക്കാണ് റെയിൽവേ ബോർഡ് അംഗീകാരം നൽകിയിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ; | (ബി) | ആലപ്പുഴ തീരദേശ റെയിൽപ്പാതയുടെ വികസനത്തിനായി കായംകുളം - ചേപ്പാട്, ചേപ്പാട് - ഹരിപ്പാട്, ഹരിപ്പാട് - അമ്പലപ്പുഴ, എറണാകുളം - കുമ്പളം, കുമ്പളം - തുറവൂർ എന്നീ റീച്ചുകളിൽ റെയിൽപ്പാത ഇരട്ടിപ്പിക്കലിന് റെയിൽവേ അംഗീകാരം നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | തീരദേശ പാത ഇരട്ടിപ്പിക്കൽ, ഇലക്ട്രിഫിക്കേഷൻ നടപടികൾ എന്നിവ ത്വരിതപ്പെടുത്താൻ നടപടി സ്വീകരിക്കുമോ ? | (സി) | പാത ഇരട്ടിപ്പിക്കൽ പൂർത്തിയാകുന്നതോടൊപ്പം തന്നെ ഇരട്ടിപ്പിച്ച പാതയുടെ വൈദ്യുതീകരണവും പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. |

സെക്ഷൻ ഓഫീസർ

-—— —— - –